**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1857** **12.06.2019-ൽ മറുപടിയ്ക്ക്**

**ചെക്ക്പോസ്റ്റുകളിലെ മേഖലാടിസ്ഥാനത്തിലുള്ള നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എൻ. ജയരാജ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹനവകുപ്പിൽ ചെക്ക് പോസ്റ്റുകളിലെ നിയമനം മേഖലാടിസ്ഥാനത്തിൽ ആക്കിയതിന്റെ കാരണം വ്യക്തമാക്കാമോ, ഇത് സംബന്ധിച്ച് വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; | (എ) | 30.09.2018-ലെ സ.ഉ(കൈ)നം.59/2018/ട്രാൻസ് നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചെക്ക്പോസ്റ്റുകളിലെ നിയമനം മേഖാലാടിസ്ഥാനത്തിൽ ആക്കിയത്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ ശിപാർശ ലഭിച്ചിട്ടില്ല. |
| (ബി) | നിയമനങ്ങൾ മേഖലാടിസ്ഥാനത്തിൽ ആക്കിയതിന്റെ ഗുണഫലങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | മേഖലാടിസ്ഥാനത്തിലാക്കുന്നതിനു മുമ്പ് ചെക്ക്പോസ്റ്റ് അറ്റാച്ച് ചെയ്തിരിക്കുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നുമാണ് ഉദ്യോഗസ്ഥരെ നിയമിച്ചു കൊണ്ടിരുന്നത്. അച്ചടക്ക നടപടികൾ നിലനിൽക്കുന്ന ഉദ്യോഗസ്ഥരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന നിർദ്ദേശമുള്ളതിനാൽ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ആവശ്യത്തിന് ഉദ്യോഗസ്ഥരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിയ്ക്ക് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടായിരുന്നു. ഇതുമൂലം ഒരേ ഉദ്യോഗസ്ഥർ തന്നെ നിരന്തരം ചെക്ക്പോസ്റ്റ് ഡ്യൂട്ടി ചെയ്യേണ്ട സ്ഥിതി ഉണ്ടായിരുന്നു.<br>മേഖലാടിസ്ഥാനത്തിലാക്കിയതിനു ശേഷം ഈ പ്രശ്നത്തിന് പരിഹാരമുണ്ടായി. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം മേഖലാടിസ്ഥാനത്തിൽ നിയമനത്തിനായി ജീവനക്കാരെ പുനർവിന്യാസം ചെയ്യുന്നതിന് മുൻപായി മോട്ടോർ വാഹന വകുപ്പോ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പോ ജോലിഭാരം സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനറിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ